

TUESDAY 08-03-2022 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**


**Chief Editor : George Sebastian** **Editor : Dr Asha T T**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-08/03/2022

1. സമേതിയും ആത്മയും സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രവും സംയുക്തമായി നടപ്പിലാക്കുന്ന ഒരു വർഷ കോഴ്സായ **ഡിപ്ലോമ ഇൻ അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ സർവീസസ് ഫോർ ഇൻപുട്ട് ഡീലേഴ്സ് കോഴ്സ്** 2021-22 (DAESI) ലെ രണ്ടാമത്തെ ബാച്ച് ഐ.എഫ്.ആർ.എസ് കരമനയിൽ വച്ച് നാളെ (മാർച്ച് 9-ന്) ആരംഭിക്കുന്നു. ഇതിന്റെ ജില്ലാതല ഉദ്ഘാടനം ഇന്ന് (മാർച്ച് 8-ന്) രാവിലെ 10 മണിക്ക് തിരുവനന്തപുരം വെൺപാലവട്ടം സമേതി ഹാളിൽ വച്ച് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി പി. പ്രസാദ് നിർവഹിക്കും. ചടങ്ങിൽ കഴക്കൂട്ടം എം.എൽ.എ കടകംപള്ളി സുരേന്ദ്രൻ അദ്ധ്യക്ഷത വഹിക്കും.

2. ക്ഷീരവികസന വകുപ്പിന്റേയും ജില്ലയിലെ ക്ഷീരസഹകരണ സംഘങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ പത്തനംതിട്ട ജില്ലാ ക്ഷീരസംഗമം അടൂർ മാർത്തോമ്മ യൂത്ത് സെന്ററിൽ വച്ച് നടക്കുന്നു. ക്ഷീരസംഗമത്തോടനുബന്ധിച്ചുള്ള പൊതുസമ്മേളനത്തിന്റെ ഉദ്ഘാടനം ഇന്ന് (മാർച്ച് 8) രാവിലെ 11.30-ന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും. ചടങ്ങിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ അദ്ധ്യക്ഷത വഹിക്കും.

3. കാസർഗോഡ് ജില്ലയിലെ പടന്നക്കാട് കാർഷിക കോളേജിലെ ഹൈ-ടെക് നഴ്സറിയിൽ നിന്നും നാഗപതിവയ്ക്കൽ രീതിയിൽ വേര് പിടിപ്പിച്ച അത്യുത്പാദനശേഷിയുള്ള **പന്നിയൂർ 1,2,3,4,5,6,7,8,9, വിജയ്, കരിമുണ്ട** എന്നീ ഇനങ്ങളിലുള്ള കുരുമുളകിൻ തൈകൾ തൈ ഒന്നിന് 25 രൂപ നിരക്കിൽ ഇൻസ്ട്രക്ഷണൽ ഫാം ഓഫീസിൽ നിന്നും ലഭ്യമാണ്.

4. വയനാട് ജില്ലയിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് 2021-22 പദ്ധതിയുടെ ഭാഗമായി **വളർത്തു നായകൾക്കും പൂച്ചകൾക്കുമായി സൗജന്യ പേവിഷ പ്രതിരോധ കുത്തിവയ്പ്പ്** ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ഇന്ന് **(മാർച്ച് എട്ടിന്)** ചിറ്റാലൂർകുന്ന് പാൽഡിപ്പോ, നടവയൽ മൃഗാശുപത്രി, പാടികുന്ന് അപ്പാരൽ പാർക്ക്, കാവടം വാട്ടർഷെഡ്, നെല്ലിയമ്പം, ചുള്ളിപ്പുര കോളനികൾ, വരദൂർ മൃഗാശുപത്രി, എടക്കൊമ്പം, വരദൂർ തരംഗിണി ക്ലബ്ബ്, വരദൂർ പാൽ സൊസൈറ്റി, താഴെ കരണി, പാടാരിക്കുന്നു അംഗനവാടി, വള്ളിപ്പറ്റ മേലെകരണി എന്നിവിടങ്ങളിലും നാളെ **(മാർച്ച് ഒമ്പതിന്)**

വെള്ളച്ചിമൂല, അമ്പലക്കുന്ന്, മോഡൽ റെസിഡൻഷ്യൽ സ്കൂൾ, കൊഴിഞ്ഞങ്ങാട്, പുളിക്കൽക്കുന്ന്, ചെറുവടി, തേർവാടിക്കുന്ന്, കരണി വെറ്ററിനറി സബ്സെന്റർ, ചോമാടി കുറുമ കോളനി, പുതൂർ വായനശാല, അരിമുള വെറ്ററിനറി സബ്സെന്റർ, മുളപറമ്പത്തുകുന്ന് കനാൽ റോഡ് പരിസരം എന്നീ പ്രദേശങ്ങളിലും ക്യാമ്പുകൾ നടക്കും. പേവിഷ പ്രതിരോധ കുത്തിവയ്പ്പ് എടുത്തതിനു ശേഷം സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഗ്രാമപഞ്ചായത്തിൽ ഹാജരാക്കി എല്ലാ വളർത്തു നായ്ക്കൾക്കും ലൈസൻസ് എടുക്കേണ്ടതാണെന്ന് പള്ളിക്കുന്ന് മൃഗാശുപത്രി സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു.

5. പേട്ടയിലെ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ഹെഡോഫീസിൽ നിന്നും ബി.വി.380 ഇനത്തിൽപ്പെട്ട 53 ദിവസം പ്രായമായ മുട്ടക്കോഴികുഞ്ഞുങ്ങൾ ലഭ്യമാണ്. ആവശ്യക്കാർ **0471–2478585, 9495000915, 9495000918** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

6. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷിവിജ്ഞാന കേന്ദ്രത്തിൽ വച്ച് നാളെ (മാർച്ച് 9) രാവിലെ 10 മണിക്ക് **കാർഷിക യന്ത്രങ്ങളെക്കുറിച്ചും സ്മാം (SMAM) പദ്ധതിയെക്കുറിച്ചും, സ്മാമിൽ രജിസ്റ്റർ** ചെയ്യുന്നതിനെക്കുറിച്ചും പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ **0466–2912008, 0466–2212279, 6282937809** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക. സ്മാമിൽ രജിസ്റ്റർ ചെയ്യാൻ താൽപര്യമുള്ളവർ ബന്ധപ്പെട്ട രേഖകൾ കൂടി കൊണ്ടുവരണമെന്ന് പ്രോഗ്രാം കോർഡിനേറ്റർ അറിയിക്കുന്നു.

7. കാർഷിക ഉത്പാദന ക്ഷമതയ്ക്ക് തേനീച്ച പരിപാലനം എന്ന ലക്ഷ്യത്തോടൊപ്പം കർഷകർക്ക് തേനധിഷ്ഠിത ഉത്പന്ന നിർമ്മാണവും പരിശീലനവും ലക്ഷ്യമാക്കി ഹോർട്ടികോർപ്പും തൊടുപുഴ കൃഷിഭവനും സംയുക്തമായി **തേൻ മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണം** എന്ന വിഷയത്തിൽ മാർച്ച് 15,16,17 തീയതികളിൽ ത്രിദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ മാർച്ച് 10 നു മുമ്പായി **9447910989** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

8. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് **പെറ്റ് ഷോപ്പ് റൂൾ, ഡോഗ് ബ്രീഡിംഗ് റൂൾ** എന്നീ വിഷയങ്ങളിൽ സൗജന്യ പരിശീലന ക്ലാസ് നടത്തുന്നു. താൽപര്യമുള്ളവർ ഈ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മാസം 10-ന് (മാർച്ച് 10) മുമ്പ് **9188522706** എന്ന വാട്ട്സാപ്പ് നമ്പരിൽ സന്ദേശം അയച്ചോ **04829-234323** എന്ന ഫോൺ നമ്പരിൽ ഓഫീസ് സമയത്ത് വിളിച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ ഈ മാസം 09 മുതൽ 16 (മാർച്ച് 09 മുതൽ 16) വരെ **ശാസ്ത്രീയമായ പശു പരിപാലനം** എന്ന വിഷയത്തിൽ ക്ലാസ്സ് റൂം പരിശീലനം നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നവർ രണ്ട് ഡോസ് കോവിഡ് വാക്സിൻ സ്വീകരിച്ച സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. താൽപര്യമുള്ളവർ ഓച്ചിറ ക്ഷീര പരിശീലന കേന്ദ്രം മുഖാന്തിരമോ, ആലപ്പുഴ, കൊല്ലം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ അതാത് ബ്ലോക്ക് ക്ഷീര വികസന ഓഫീസർമാർ മുഖാന്തിരമോ **8075028868, 9947775978, 0476-2698550** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ടോ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

10. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഉണക്കറബ്ബറിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ അഞ്ചു ദിവസത്തെ പരിശീലനം നൽകുന്നു. **മോൾഡഡ്, എക്സ്ട്രൂഡഡ്, കാലെൻഡേർഡ് ഉത്പന്നങ്ങളുടെ നിർമ്മാണം; റബ്ബർകോമ്പൗണ്ടിങ്; പ്രോസസ്സ് കൺട്രോൾ, വൾക്കനൈസേറ്റ് പരിശോധനകൾ; എം.എസ്.എം.ഇ. (മൈക്രോ, സ്മോൾ & മീഡിയം എന്റർപ്രൈസസ്) പദ്ധതികൾ** തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം മാർച്ച് 14 മുതൽ 18 വരെ നടത്തും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 – 2353127** എന്ന ഫോൺ നമ്പറിലോ **04812353201** എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടാം.

11. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിച്ചു വരുന്ന പരിശീലനകേന്ദ്രത്തിൽ മാർച്ച് മാസം 9-ന് **കാട വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0479 – 2457778** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം